(സി) കേന്ദ്ര സർക്കാരിന്റെ പത്താം പഞ്ചവൽസര പദ്ധതി പ്രകാരം ഭക്ഷ്യ സംസ്കരണ മേഖലയിൽ വ്യവസായം തുടങ്ങുന്നതിനോ, നവീകരിക്കുന്നതിനോ, വികസിപ്പിക്കുന്നതിനോ വേണ്ടി ഗ്രാന്റ് നൽകുന്നുണ്ട്. പ്രസ്തുത സ്കീം പ്രകാരം മെഷിനറിയുടെയും ഫാക്ടറി കെട്ടിടത്തിന്റെയും 25% വരെ ഗ്രാന്റായി കേന്ദ്ര സർക്കാർ നൽകുന്നു. ഇതു കൂടാതെ സംസ്ഥാന സർക്കാരിന്റെ ഇൻഡസ്ട്രിയൽ പോളിസി പ്രകാരം ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. കേരളത്തിൽ ഭക്ഷ്യ സംസ്ക്കരണ വ്യവസായം തുടങ്ങുന്നതിനുവേണ്ടി 15% ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി പ്രസ്തുത പോളിസി പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്.

മുകളിൽ പറഞ്ഞ ധനസഹായങ്ങൾ കിൻഫ്രയുടെ ഭക്ഷ്യസംസ്ക്കരണ പാർക്കിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭകർക്ക് ലഭിക്കാവുന്നതാണ്.

(ഡി) സംസ്ഥാനത്ത് കിൻഫ്രയുടെ കീഴിൽ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലാണ് ഭക്ഷ്യ സംസ്ക്കരണ പാർക്ക് സ്ഥാപിച്ചിട്ടുള്ളത്.

(ഇ) കിൻഫ്രയുടെ മലപ്പുറത്തെ ഭക്ഷ്യ സംസ്ക്കരണ പാർക്കിൽ ആരംഭിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ആകെ 76 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ വൃദ്ധവിഭാഗത്തിന് പെൻഷൻ

35 [3043] ശ്രീ. ഇസ്ഹാക് കുരിക്കൾ:

„ കെ. കുട്ടി അഹമ്മദ് കുട്ടി:

„ പി. കെ. അബ്ദു റബ്ബ്:

„ കെ. എൻ. എ. ഖാദർ:

„ ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ വൃദ്ധവിഭാഗത്തിന് പെൻഷൻ കിട്ടുന്നില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2002 മുതൽ ലഭിക്കാനുള്ള പെൻഷൻ ഇവർക്ക് എന്ന് നല്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെ. എസ്. ഐ. ഡി. സി.-യിൽ നിന്നും വായ്പ എടുത്ത സ്ഥാപനങ്ങളിലെ നോമിനി ഡയറക്ടർമാർ

36 [3044] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഐ. ഡി. സി.-യിൽ നിന്നും വായ്പ എടുത്ത സ്ഥാപനങ്ങളിൽ നോമിനി ഡയറക്ടർമാരെ നിയോഗിക്കുന്നതിന്റെ ഉദ്ദേശം എന്താണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നോമിനി ഡയറക്ടർമാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(സി) ഇപ്പോൾ ഏതെല്ലാം സ്ഥാപനങ്ങളിൽ ആരെയെല്ലാം നോമിനി ഡയറക്ടർമാരായി നിയോഗിച്ചിട്ടുണ്ട്; ഇവരിൽ സർക്കാർ ഉദ്യോഗസ്ഥന്മാർ അല്ലാത്തവരെത്ര;

(ഡി) അവരെ നിയമിക്കാനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒരു കമ്പനിയുടെ പ്രധാനപ്പെട്ട തിരുമാനങ്ങളെല്ലാം എടുക്കുന്നത് കമ്പനിയുടെ ഡയറക്ടർ ബോർഡാണ്. ആയതിനാൽ കെ. എസ്. ഐ. ഡി. സി.-യുടെ നോമിനി ഈ ബോർഡിൽ അംഗമാകയാൽ കമ്പനി എടുക്കുന്ന തീരുമാനങ്ങളെക്കുറിച്ചും കമ്പനിയുടെ നടത്തിപ്പിനെക്കുറിച്ചും കെ. എസ്. ഐ. ഡി. സി.-യിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ച സ്ഥാപനങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നും കെ. എസ്. ഐ. ഡി. സി.-ക്ക് അറിയുവാൻ സാധിക്കും.

(ബി) നോമിനി ഡയറക്ടർമാർക്ക് സിറ്റിംഗ് ഫീസും യാത്രാബത്തയും ലഭിക്കും. അവയിൽ കെ. എസ്. ഐ. ഡി. സി. ഉദ്യോഗസ്ഥന്മാരായ ഡയറക്ടർമാർക്ക് ലഭിക്കുന്ന സിറ്റിംഗ് ഫീസ് കോർപ്പറേഷനാണ് ലഭിക്കുന്നത്.

(സി) ലിസ്റ്റ് അനുബന്ധമായി നൽകിയിരിക്കുന്നു.† ആകെയുള്ള 39 നോമിനി ഡയറക്ടർമാരിൽ ഇപ്പോൾ സർക്കാർ സർവ്വീസിലോ കെ. എസ്. ഐ. ഡി. സി. സർവ്വീസിലോ ഇല്ലാത്തവർ 16 പേർ മാത്രമാണ്.

(ഡി) ചോദ്യം (എ)-യുടെ മറുപടിയിൽ സൂചിപ്പിച്ച കാര്യങ്ങളാണ് നോമിനി ഡയറക്ടർമാരെ നിയമിക്കാനുള്ള കാരണം. കൂടുതൽ കമ്പനികളുള്ളതിനാൽ കെ. എസ്. ഐ. ഡി. സി.-യിലെ ഉദ്യോഗസ്ഥന്മാർക്കു പുറമേ മറ്റുള്ളവരെ നിയമിക്കാറുണ്ട്. അങ്ങനെ ഉള്ളവരെ നോമിനി ആയി വയ്ക്കുമ്പോൾ അവരുടെ വ്യവസായത്തിലുള്ള പരിചയവും മാനേജ്മെന്റ് വൈദഗ്ധ്യവും ആണ് നോക്കുക. അതിൽ ചുരുക്കം ചിലർ മാത്രമാണ് സർക്കാർ ജീവനക്കാർ.

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ആഫീസർമാരുടെ നിയമനം

37 [3045] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ആഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly